

# ബധിരകർണ്ണങ്ങളിൽവീണ പ്രാണരോദനം

**സാക്ഷരതയിലും വിദ്യാഭ്യാസത്തിലും സാംസ്കാരികബോധത്തിന്റെ അത്യുന്നതങ്ങളിൽ എത്തിയവരെന്ന് അഹങ്കരിക്കുന്ന നമുക്ക് നമ്മുടെ പെൺമക്കളുടെയും കൊച്ചു സഹോദരിമാരുടെയും മാനവും ജീവനും രക്ഷിക്കാൻ കഴിയുന്നില്ല. പലതും നേടിയെടുക്കാനുള്ള നെട്ടോട്ടത്തിൽ നമ്മൾ പല അതിക്രമങ്ങളും കണ്ടില്ലെന്നു നടിക്കുന്നു, അവഗണിക്കുന്നു.**

**ഷൊ**ർണ്ണൂർ പാസഞ്ചർ ട്രെയിനിൽ യാത്ര ചെയ്തിരുന്ന സൗമ്യയ്ക്ക് നേരിട്ട ദുരന്തം അത്യധികം വേദനയോടെയും, ദുഖത്തോടെയുമാണ് നമ്മൾ അറിഞ്ഞത്. മനസ്സിൽ അൽപ്പമെങ്കിലും ആർദ്രതയും മനസ്സാക്ഷിയുമുള്ളവർക്കെല്ലാം നൊമ്പരപ്പെട്ടു. ഇങ്ങകലെ ഗൾഫ് രാജ്യത്തായതുകൊണ്ടോ എന്തോ, എന്റെ പ്രിയപ്പെട്ട കേരളം മാറിയത് ഞാനറിഞ്ഞില്ല എന്നെനിക്ക് തോന്നി. നിഷ്കളങ്കയായ ആ കൊച്ചുസഹോദരി ജീവിതത്തിലേക്ക് മടങ്ങിവരാൻ നാമെല്ലാം ഹൃദയംനൊന്തു പ്രാർത്ഥിച്ചു.

ഞെട്ടിക്കുന്ന ആ വാർത്ത പിന്നാലെ വന്നു; അതിക്രമങ്ങളും അധർമ്മങ്ങളും പീഡനങ്ങളുമില്ലാത്ത ലോകത്തേക്ക് സൗമ്യ യാത്രയായി എന്ന്. വിധി എത്ര ക്രൂരമായി നിത്യദുഃഖം ആ കുടുംബത്തിനു നൽകി. നമ്മുടെ മനസ്സിൽ ഒരു കനൽപ്പൊരിയിട്ടിട്ടാണ് സൗമ്യ കടന്നുപോയത്.

സാക്ഷരതയിലും വിദ്യാഭ്യാസത്തിലും സാംസ്കാരികബോധത്തിന്റെ അത്യുന്നതങ്ങളിൽ എത്തിയവരെന്ന് അഹങ്കരിക്കുന്ന നമുക്ക് നമ്മുടെ പെൺമക്കളുടെയും കൊച്ചു സഹോദരിമാരുടെയും മാനവും ജീവനും രക്ഷിക്കാൻ കഴിയുന്നില്ല. പലതും നേടിയെടുക്കാനുള്ള നെട്ടോട്ടത്തിൽ നമ്മൾ പല അതിക്രമങ്ങളും കണ്ടില്ലെന്നു നടിക്കുന്നു, അവഗണിക്കുന്നു.

ആളൊഴിഞ്ഞ കമ്പാർട്ട്മെന്റിൽനിന്നും ആ പെൺകുട്ടിയുടെ പ്രാണരോദനം കേട്ടിട്ടും കേട്ടില്ലെന്നു നടിച്ചവർ, അടുത്ത കമ്പാർട്ട്മെന്റിൽ നിന്നും രണ്ടുപേർ വീഴുന്നതു കണ്ടു എന്ന് യാത്രക്കാരോട് ഉത്കണ്ഠയോടെ പറഞ്ഞ യുവാവിന്റെ വാക്കുകൾ നിർവ്വികാരതയോടെ നിരാകരിച്ച സഹയാത്രക്കാർ അന്യദേശക്കാരായിരുന്നില്ല; നമ്മുടെ നാട്ടുകാർ തന്നെയായിരുന്നു. മനുഷ്യത്വം ഇത്രത്തോളം വരണ്ടുപോയോ നമ്മളിൽ നിന്ന്. എത്ര സ്വാർത്ഥമതികളും കഠിനഹൃദയരുമായി നമ്മൾ മലയാളികൾ മാറിക്കഴിഞ്ഞു. എന്റെ നാട്ടുകാർ ഇങ്ങനെ മാറിയതിൽ ഞാൻ വളരെ സങ്കടപ്പെടുന്നു.

ഇങ്ങനെയൊരു കാഴ്ച കണ്ട ട്രെയിനിലെ ഗാർഡ്, ട്രെയിനിന്റെ മുമ്പിൽ പലപ്പോഴും നടക്കുന്ന ആത്മഹത്യകൾ കണ്ട് മരവിച്ച മനസ്സുമായി യാത്ര ചെയ്യുന്ന ആളായതുകൊണ്ടോ എന്തോ വളരെ നിർവ്വികാരമായും നിരുത്തരവാദപരവുമായാണ് പെരുമാറിയതെന്നു കാണാം. അദ്ദേഹം അവസരോചിതമായി പെരുമാറിയിരുന്നെങ്കിൽ ആ സാധുപെൺകുട്ടിയുടെ ജീവൻ രക്ഷിക്കാമായിരുന്നു. റെയിൽവെ ഉദ്യോഗസ്ഥരാരും ആദ്യമൊന്നും ആശുപത്രിയിലേക്ക് തിരിഞ്ഞുനോക്കിയില്ല എന്നാണ് വായിച്ചത്. ട്രെയിനിൽ യാത്രചെയ്യുന്ന പെൺകുട്ടികളുടെ സ്വകാര്യതയ്ക്കും സുരക്ഷയ്ക്കും വേണ്ടി എന്താണിവിടെ റെയിൽവെ ചെയ്യുന്നത്?

ഇങ്ങനെയാണെങ്കിലും റെയിൽപ്പാളത്തിനരുകിൽ മൃതപ്രായയായിക്കിടന്ന ആ കൊച്ചു സഹോദരിയെ ആശുപത്രിയിലെത്തിക്കാനും ആ മനുഷ്യാധമനെ പിടികൂടാൻ സഹായിക്കാനും എന്തു സഹായം ചെയ്യാനും ആശുപത്രി പരിസരത്തു സന്നദ്ധരായി നിന്ന അജ്ഞാതരായ സുമനസ്സുകളെ ഞാൻ സ്മരിക്കുന്നു. ഇനിയും കേരളീയ സമൂഹത്തിൽ മനുഷ്യത്വവും ആർദ്രതയും പൂർണ്ണമായും വറ്റിപ്പോയിട്ടില്ല എന്ന് ഇത് കാണിക്കുന്നു.

ഇന്ത്യയിൽ സ്ത്രീകൾക്കെതിരെ ഏറ്റവുമധികം അതിക്രമങ്ങൾ നടക്കുന്ന ഒരു സംസ്ഥാനമായി മാറി നമ്മുടെ കേരളം. ഓരോ പ്രഭാതവും കടന്നുവരുന്നത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ വാർത്തകളുമായിട്ടാണ്. നമ്മുടെ പെൺമക്കൾക്കും സഹോദരിമാർക്കും പൊതുനിരത്തിൽ കൂടിയോ, പബ്ലിക് ട്രാൻസ്പോർട്ടിൽ കൂടിയോ സന്ധ്യകഴിഞ്ഞാൽ ഒറ്റയ്ക്കു യാത്രചെയ്യുവാൻ കഴിയുമോ?

സാമ്പത്തികസുരക്ഷിതത്വം നേടിയ ഇന്നത്തെ കേരളീയ സ്ത്രീക്ക് സഞ്ചാരസ്വാതന്ത്ര്യം ഉറപ്പുവരുത്തേത് നമ്മൾ ഉൾപ്പെടുന്ന സമൂഹത്തിന്റെ ബാധ്യതയാണ്. പോലീസിന് നൽകാവുന്ന സംരക്ഷണത്തിന് പരിമിതികളുണ്ട്. നിയമം നടപ്പാക്കിയതുകൊണ്ടു മാത്രം സ്ത്രീയുടെ സുരക്ഷിതത്വം ഉറപ്പു വരുത്താൻ കഴിയും എന്നു വിശ്വസിക്കുന്നത് മൗഢ്യമാണ്.



**കെ. മുരളീധരൻ**



മകളുടെ മരണവാർത്തയറിഞ്ഞ് അമ്മ...

അറബിരാജ്യങ്ങളിൽ പ്രത്യേകിച്ച് യു.എ.ഇ.യിൽ അർദ്ധരാത്രിയിൽപ്പോലും പെൺകുട്ടികളും യുവതികളും നിർബാധമായി ഭദ്രതയോടെ സുരക്ഷിതബോധത്തോടെ നിർഭയമായി യാത്രചെയ്യുന്നതു കാണാം. അവിടെ നിയമം കർക്കശമാണ്. കൂടാതെ സ്ത്രീകളെ ബഹുമാനിക്കുന്ന ഒരു സംസ്കാരം അവിടെ നിലനിൽക്കുന്നു.

സ്ത്രീ അമ്മയാണ് സഹോദരിയാണ് മകളാണ് എന്ന് തിരിച്ചറിയാനും അംഗീകരിക്കാനും, അവർ സമൂഹത്തിൽ തുല്യരാണ്, ബഹുമാനിക്കപ്പെടേണ്ടവരാണ് എന്നുള്ള ഒരു മനോഭാവം, സംസ്കാരം, സമീപനം, നമ്മുടെ ഹൃദയത്തിലുണ്ടാകണം. ചെറുപ്പം മുതലേ കുടുംബത്തിലും വിദ്യാലയങ്ങളിലും ഈ ധാർമ്മികബോധം, സന്മാർഗ്ഗചിന്ത കുട്ടികളിൽ പകർന്നുകൊടുക്കണം. കുടുംബ ബന്ധങ്ങളെ ശക്തിപ്പെടുത്തൂ, അതിലൂടെ മാത്രമേ സമൂഹത്തിലെ മൂല്യച്ച്യുതി മറികടക്കാനാവൂ.

ഏതപകടം നടന്നു കഴിയുമ്പോഴും, നമ്മൾ ഉറക്കെ ചിന്തിക്കുന്നു. ധാർമ്മികബോധം കൊണ്ട് രോഷാകുലരാകുന്നു. കുറേ ദിവസത്തേക്ക് സുരക്ഷ ഉറപ്പാക്കുന്നു. പക്ഷെ, എല്ലാം ആറിത്തണുത്തു കഴിഞ്ഞാൽ 'വഞ്ചി വീണ്ടും തിരുനക്കരത്തന്നെ' എന്ന മട്ടിൽ എല്ലാം മറന്ന് പഴയപോലെയാകും.

അതു പോര. സമൂഹം, നമ്മൾ എല്ലാം നിതാന്തജാഗ്രത പുലർത്തണം. ചട്ടങ്ങളും നിയമങ്ങളും കർശനമായി നടപ്പിലാക്കാൻ അധികാരികളെ പ്രേരിപ്പിക്കണം. ഇന്ത്യയിൽ നിയമങ്ങളും ചട്ടങ്ങളും ഇല്ലാത്തതുകൊണ്ടല്ല, സംസ്കാര രഹിതമായ, മനുഷ്യത്വരഹിതമായ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നത്; ഈ നിയമങ്ങൾ കർശനമായും കണിശമായും ഉത്തരവാദിത്വബോധത്തോടെയും നടപ്പിലാക്കാത്തതു കൊണ്ടാണ്.

റോഡിൽക്കൂടി യാത്രചെയ്യുമ്പോൾ റോഡരുകിൽ ഏതാനും നിമിഷങ്ങൾക്കു മുമ്പുണ്ടായ വാഹനാപകടത്തിൽ പരുക്കേറ്റു രക്തമൊലിപ്പിച്ച് ദൈന്യതയോടെ സഹായത്തിനായി കേഴുന്ന നിസ്സഹായരായ മനുഷ്യാത്മാക്കളെ കണ്ടില്ലെന്നു നടിച്ച് തിരക്കിട്ടു കടന്നുപോകുന്ന കാഴ്ച കേരളത്തിൽ സാധാരണയാണ്. ഒരുപക്ഷെ നമ്മൾ പരിക്കേറ്റ ആ വ്യക്തിയെ ആശുപത്രിയിൽ എത്തിച്ചിരുന്നെങ്കിൽ ആ ജീവൻ വെടിയുമായിരുന്നില്ല, ഒരു കുടുംബം അനാഥമാകുമായിരുന്നില്ല.

മലയാളികൾക്ക് എന്തു പറ്റി? നമ്മൾ യന്ത്രങ്ങളായി മാറുകയാണോ? നമ്മുടെ കരുണയും സഹജീവിസ്നേഹവും ആർദ്രതയും ഹൃദയശുദ്ധിയുമൊക്കെ എവിടെപ്പോയി? നമ്മുടെ സ്വന്തമല്ലാത്ത ജീവന് എന്തു സംഭവിച്ചാലും, ആ നിലവിളിയേയും കണ്ണുനീരിനേയും, സഹായത്തിനായി കേഴുന്ന ദൈന്യതയേയും കണ്ടില്ലെന്നു നടിക്കുന്നു. ഉറങ്ങുന്ന മലയാളിയെ ഉണർത്താൻ ഇപ്പോഴും കാതിൽ അലയടിക്കുന്ന സൗമ്യയുടെ ആത്മരോദനം ഒരു മാറ്റത്തിനുള്ള കാരണമായി മാറട്ടെ.